# CAREER Updates

# പത്രവൃത്താന്തം

**28.10.2024 (തിങ്കൾ)**



- ⇨ ബഹിരാകാശത്ത് വച്ച് പേടകങ്ങൾ കൂട്ടിയോജിപ്പിക്കുന്നതിനുള്ള സ്പെയ്സ് ഡോക്കിംഗ് പരീക്ഷണത്തിന്റെ (സ്പെഡെക്സ്) ഭാഗമായി ഐ.എസ്.ആർ.ഒ. വിക്ഷേപിക്കാനൊരുങ്ങുന്ന ഉപഗ്രഹങ്ങൾ
- ✔ ചേസർ, ടാർജെറ്റ്
- 2024 ഡിസംബർ 15–നാണ് ഉപഗ്രഹങ്ങൾ വിക്ഷേപിക്കാനൊരുങ്ങുന്നത്. തിരുവനന്തപുരം ആസ്ഥാനമായ അനന്ത് ടെക്നോളജീസിന്റെ ബംഗലുരു കേന്ദ്രത്തിലാണ് ഇവ രണ്ടും വികസിപ്പിച്ചത്. ഇന്ത്യയുടെ ബഹിരാകാശനിലയത്തിൽ മനുഷ്യരെ എത്തിക്കുന്നതിനും ഗഗൻയാൻ ദൗത്യത്തിനും വലിയ മുതൽക്കൂട്ടാകുന്നതാണ് പരീക്ഷണം.
- ഇതിലൂടെ ഭ്രമണം ചെയ്യുന്ന ഉപഗ്രഹങ്ങളെ യന്ത്രക്കൈ ഉപയോഗിച്ച് ചേർത്ത് നിർത്തി ഇന്ധനം നിറയ്ക്കുവാനും പുതിയ ഉപകരണങ്ങൾ ഘടിപ്പിക്കുവാനുമെല്ലാം സാധിക്കും.
- നിലവിൽ സ്പെയ്സ് ഡോക്കിംഗ് സാങ്കേതികവിദ്യ സ്വന്തമായിട്ടുള്ള രാജ്യങ്ങൾ അമേരിക്ക, റഷ്യ, ചൈന എന്നിവയാണ്.

- ⇨ സംസ്ഥാന സ്കൂൾ കായികമേളയുടെ ബ്രാൻഡ് അംബാസഡറായി നിയമിതനായത്
- ✔ പി.ആർ. ശ്രീജേഷ്

- ⇨ പ്രധാനമന്ത്രി മത്സ്യ സമ്പത്ത് യോജനയിൽ പാരിസ്ഥിതികാഘാത അതിജീവന ശേഷിയുള്ള ഗ്രാമ പദ്ധതിയിലേക്ക് കേരളത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളുടെ എണ്ണം
- ✔ 5
- ചിലക്കൂർ (തിരുവനന്തപുരം), പുതുവൈപ്പിൻ, ഞാറക്കൽ (എറണാകുളം), തോട്ടപ്പള്ളി (ആലപ്പുഴ), ഇരവിപുരം, അഴീക്കൽ (കൊല്ലം) എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെട്ട ഗ്രാമങ്ങൾ. ആധുനികവൽക്കരണ പദ്ധതിയ്ക്കായി കാസർഗോഡ്, കൊയിലാണ്ടി, പുതിയാപ്പ, പൊന്നാനി എന്നീ തുറമുഖങ്ങളും തിരഞ്ഞെടുക്കപ്പെട്ടു.

- ⇨ 2024 ഒക്ടോബറിൽ അന്തരിച്ച, സ്വകാര്യത മൗലികാവകാശമാക്കാൻ പൊരുതിയ ന്യായാധിപൻ
- ✔ ജസ്റ്റിസ് കെ.എസ്. പുട്ടസ്വാമി

- ⇨ ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ സൈനിക വിമാന നിർമ്മാണ കേന്ദ്രം ആരംഭിക്കുന്നതെവിടെ?
- ✔ വഡോദര (ഗുജറാത്ത്)
- സി–295 വിമാനങ്ങളുടെ നിർമ്മാണശാലയായ ടാറ്റ എയർക്രാഫ്റ്റ് പ്ലാന്റ് ആണ് വഡോദരയിൽ നിലവിൽ വരുന്നത്.

- ⇨ ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ ആയുർവേദ കോളേജുകൾക്കായി നടത്തിയ പ്രഥമ ഗുണനിലവാര പരിശോധനയിൽ അഖിലേന്ത്യാ തലത്തിൽ മൂന്നാം സ്ഥാനവും സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനവും നേടിയത്
- ✔ കോട്ടയ്ക്കൽ വി.പി.എസ്.വി. ആയുർവേദ കോളേജ്

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999